ടി.കെ ഉബൈദ്



ഖുർആൻ ബോധനം

**1025**

# സൂറ-33 / അൽ അഹ്സാബ്

## സൂക്തം: 05-06

ആത്യന്തികമായി സ്നേഹിക്കേണ്ടത് അല്ലാഹുവിനെയാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ താൽപര്യമാണ് പ്രവാചകസ്നേഹം. മനുഷ്യന് ഏറെ ആവശ്യമുള്ളതും അല്ലാഹുവിന്റെ സ്നേഹമാണ്. രണ്ടു സ്നേഹവും സാർഥകമാകുന്നത് അല്ലാഹുവിനെ സ്നേഹിക്കുകയും ആ സ്നേഹത്തിന്റെ താൽപര്യമായി പ്രവാചകനെ പിന്തുടരുകയും ചെയ്യുമ്പോഴാണ്.

ٱدْعُوهُمْ لِـَٔابَآئِهِمْ هُوَ أَقْسَطُ عِندَ ٱللَّهِ ۚ فَإِن لَّمْ تَعْلَمُوٓا۟
ءَابَآءَهُمْ فَإِخْوَٰنُكُمْ فِى ٱلدِّينِ وَمَوَٰلِيكُمْ ۚ وَلَيْسَ
عَلَيْكُمْ جُنَاحٌ فِيمَآ أَخْطَأْتُم بِهِۦ وَلَٰكِن مَّا تَعَمَّدَتْ
قُلُوبُكُمْ ۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥﴾

5. ദത്തുമക്കളെ അവരുടെ യഥാർഥ മാതാപിതാക്കളിലേക്ക് ചേർത്തു വിളിക്കുവിൻ. അതാണ് അല്ലാഹുവിങ്കൽ ഏറ്റം നീതിയുക്തമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കളെ അറിയില്ലെങ്കിൽ നിങ്ങളുടെ ദീനീസഹോദരങ്ങളും മിത്രങ്ങളുമാണവർ. അബദ്ധത്തിൽ പറഞ്ഞുപോയതിൽ നിങ്ങൾക്കു കുറ്റമില്ല. പ്രത്യുത നിങ്ങൾ മനഃപൂർവം ചെയ്തതാണ് കുറ്റകരം. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

**5**

അവരുടെ പിതാക്കൾക്ക് (പിതാക്കളിലേക്ക് ചേർത്ത്) = لِـَٔابَآئِهِمْ അവരെ (ദത്തുമക്കളെ) നിങ്ങൾ വിളിക്കുവിൻ = ٱدْعُوهُمْ

അല്ലാഹുവിങ്കൽ = عِندَ ٱللَّهِ അതാകുന്നു ഏറ്റം നീതി(യുക്തമാ)യായിട്ടുള്ളത് = هُوَ أَقْسَطُ

ഇനി നിങ്ങൾ അവരുടെ പിതാക്കളെ അറിയു(കയി)ന്നില്ലെങ്കിൽ = فَإِن لَّمْ تَعْلَمُوٓا۟ ءَابَآءَهُمْ

അപ്പോൾ (അവർ) ദീനിൽ നിങ്ങളുടെ സഹോദരരുമാകുന്നു = فَإِخْوَٰنُكُمْ فِى ٱلدِّينِ

നിങ്ങളു(ൾക്കു)ടെ മേൽ കുറ്റമില്ല = وَلَيْسَ عَلَيْكُمْ جُنَاحٌ നിങ്ങളുടെ മിത്രങ്ങളുമാകുന്നു = وَمَوَٰلِيكُمْ

പക്ഷേ, പ്രത്യുത = وَلَٰكِن നിങ്ങൾ തെറ്റിയതിൽ (അബദ്ധത്തിൽ പറഞ്ഞുപോയതിൽ) = فِيمَآ أَخْطَأْتُم بِهِۦ

നിങ്ങളുടെ മനസ്സുകൾ തീരുമാനിച്ചു ചെയ്തത് (മനഃപൂർവം ചെയ്തതാണ് കുറ്റകരം) = مَّا تَعَمَّدَتْ قُلُوبُكُمْ

ഏറെ പൊറുക്കുന്നവനും ദയാപരനും = غَفُورًا رَّحِيمًا അല്ലാഹു ആയി (കുന്നു) = وَكَانَ ٱللَّهُ

വിളി, ആഹ്വാനം, പ്രബോധനം, സന്ദേശം, പ്രാർഥന, വാദം തുടങ്ങിയ അർഥങ്ങൾ വഹിക്കുന്ന പദമാണ് دعوة-ഉം دعاء-ഉം دعوى-യും. അതിൽനിന്നുത്ഭവിച്ച دَعِيّ-ന്റെ ബഹുവചനമാണ് ادعياء. ദത്തുമക്കളാണ് ادعياء. ٱدْعُوهُمْ لِـَٔابَآئِهِمْ എന്നതിലെ لِ ബന്ധുത്വത്തെ കുറിക്കുന്നത് (لام الانتِسَاب) ആകുന്നു. അവരുടെ പിതാക്കളുടേതായിട്ട്- അഥവാ പിതാ

ക്കളിലേക്ക് ചേർത്തുതന്നെ വിളിക്കണം എന്നാണ് ആശയം. ഒരാളുടെ പിതൃത്വം അറിഞ്ഞുകൊണ്ട് മറ്റൊരാളിൽ ആരോപിച്ചുകൂടാ. അറബികൾ സാധാരണ ആളുകളെ സംബോധന ചെയ്യാറുള്ളത് ഇന്നവന്റെ മകൻ ഇന്നവൻ എന്നാണ്. ഉദാ: സൈദുബ്നു ഹാരിസ, സൈദു ബ്നു സാബിത്. വ്യക്തിയുടെ ഐഡന്റിറ്റി കൂടിയാണിത്. ഒരാളെ പിതാവല്ലാത്ത മറ്റൊരാളിലേക്ക് ചേർത്തു വിളിക്കുന്നത് അയാളുടെ ഐഡന്റിറ്റി മാറ്റലും മറച്ചുപിടിക്കലുമാകുന്നു. ഇത് ദത്തുപുത്രന്റെ കുടുംബത്തിലും ദത്തുപിതാവിന്റെ കുടുംബത്തിലും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. ദത്തുപുത്രന് സ്വന്തം കുടുംബവുമായി വംശബന്ധം അറ്റുപോകുന്നു. രക്തബന്ധത്തിലൂടെ ലഭ്യമാകേണ്ട അവകാശങ്ങൾ നഷ്ടപ്പെടുന്നു. അയാളിൽനിന്ന് ലഭിക്കേണ്ട അവകാശങ്ങൾ കുടുംബത്തിനും നഷ്ടപ്പെടുന്നു. ദത്തെടുക്കുന്ന പിതാവിന്റെ കുടുംബത്തിലാകട്ടെ എല്ലാവരും അയാളെ സ്വാഗതം ചെയ്തുകൊള്ളണമെന്നില്ല. ദത്തുപിതാവിന് വേറെ മക്കളുണ്ടെങ്കിൽ അവരയാളെ ഉൾക്കൊള്ളുക ഏറെ പ്രയാസകരമായിരിക്കും. ഒരു പിതാവിനു പല ഭാര്യമാരിലുണ്ടാകുന്ന മക്കൾ തമ്മിലും ഒരു സ്ത്രീക്ക് പല ഭർത്താക്കന്മാരിലുണ്ടാകുന്ന മക്കൾ തമ്മിലും വരെ നീരസത്തിൽ വർത്തിക്കുക അപൂർവമല്ലല്ലോ. ദത്തുപിതാവിന് വേറെ മക്കളില്ലെങ്കിൽ അയാൾക്ക് അന്യകുടുംബത്തിൽനിന്നൊരാൾ അവകാശിയായി വരുന്നത് അയാളുടെ മറ്റു ബന്ധുക്കളിൽ നീരസമുണ്ടാക്കും. അയാളിൽനിന്ന് ലഭിക്കേണ്ട അനന്തരാവകാശം അവർക്ക് നഷ്ടമാവുകയാണല്ലോ. ദത്തുപുത്രന് സ്വന്തം കുടുംബത്തിൽ വിവാഹം നിഷിദ്ധമായ സ്ത്രീകളെപ്പോലെ ദത്തുകുടുംബത്തിലെ സ്ത്രീകളും നിഷിദ്ധരാകുന്നു. ദത്തുപിതാവിന്റെ വിധവയെ ദത്തുപുത്രനോ ദത്തുപുത്രന്റെ വിധവയെ ദത്തുപിതാവോ വിവാഹം ചെയ്യുന്നത് അനുവദനീയമാവില്ല. ഇസ്‌ലാം പവിത്രമായി കരുതുന്ന കുടുംബ സ്ഥാപനത്തിന്റെ ആത്മാവ് രക്തബന്ധമാണ്. രക്തബന്ധത്തെ അവഗണിക്കുമ്പോൾ കുടുംബ ബന്ധത്തിന് ജീവനില്ലാതാവുകയും കുടുംബവ്യവസ്ഥയാകെ താറുമാറാവുകയും ചെയ്യുന്നു. അതുകൊണ്ട് കുട്ടികളെ ദത്തെടുക്കുന്നവർ അവരുടെ വംശപരമായ പിതൃത്വം അവകാശപ്പെടുന്നത് ഇസ്‌ലാം കർശനമായി വിലക്കിയിരിക്കുന്നു.

ഒരാളുടെ പിതൃത്വം അറിഞ്ഞുകൊണ്ട് മറ്റൊരാളിൽ ആരോപിക്കുന്നവർക്ക് സ്വർഗം വിലക്കപ്പെട്ടിരിക്കുന്നു എന്ന് നബി (സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിട്ടുണ്ട്. ഓരോ വ്യക്തിയെയും അവരുടെ യഥാർഥ പിതാവിലേക്കു തന്നെ ചേർത്തു വിളിക്കണമെന്നാണ് അല്ലാഹു നൽകുന്ന ഏറ്റം നീതിയുക്തമായ നിർദേശം. പിതാവ് ആരെന്ന് അറിയപ്പെടാത്തവരുടെ പിതൃത്വം നിങ്ങൾക്ക് തോന്നുന്ന ആരിലെങ്കിലും ആരോപിച്ചുകൂടാ. പിതാവ് അറിയപ്പെടാത്തവരെ വിശ്വാസികൾ അവരുടെ ദീനീസഹോദരന്മാരും മിത്രങ്ങളും ആയി കണക്കാക്കണം. وَمَوَٰلِيكُمۡ -നെയാണ് 'നിങ്ങളുടെ മിത്രങ്ങൾ' എന്ന് തർജമ ചെയ്തിട്ടുള്ളത്. പരസ്പരം സഹായിക്കാനും രക്ഷിക്കാനും കടപ്പെട്ടവരാണ് അടിസ്ഥാനപരമായി مولى. രക്ഷകന്നും രക്ഷിക്കപ്പെടുന്നവന്നും ഈ പദം ഉപയോഗിക്കും. സ്വതന്ത്രനാക്കപ്പെട്ട അടിമയെയും مولى എന്നു പറയും.

ഇവിടെ നിരോധിക്കുന്നത് ഒരാളുടെ പിതൃത്വം അയാളുടെ പിതാവല്ലാത്ത മറ്റൊരാളിലേക്ക് മനഃപൂർവം ചേർക്കുന്നതാണ്. അബദ്ധത്തിലോ തെറ്റിദ്ധാരണ മൂലമോ അങ്ങനെ ചെയ്താൽ കുറ്റകരമാകുന്നില്ല. ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചുറപ്പിക്കലും മനഃപൂർവം ചെയ്യലുമാണ് تَعَمُّد. ഒരുവൻ മറ്റേയാളുടെ മകനല്ലെന്ന് അറിഞ്ഞുകൊണ്ട് അവൻ അയാളുടെ മകൻ തന്നെ എന്ന് ബോധപൂർവം ആരോപിക്കലാണ് കുറ്റകരമായത്. അബദ്ധത്തിലോ തെറ്റിദ്ധാരണ മൂലമോ ചെയ്തുപോകുന്നത് അല്ലാഹു പൊറുക്കും. അവൻ ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.

ഇവ്വിഷയകമായി ഫുഖഹാക്കൾ നിർധാരണം ചെയ്ത മുഖ്യ നിയമങ്ങൾ ഇവയാണ്:

1. ഒരാൾ അയാളുടെ ഔരസ സന്തതിയല്ലാത്തവരെ തന്റെ ഔരസ സന്തതിയെന്ന് അവകാശപ്പെടുന്നതും തന്റെ പിന്മുറക്കാരനും അനന്തരാവകാശിയുമായി പ്രഖ്യാപിക്കുന്നതും നിഷിദ്ധമാകുന്നു. ഈ അർഥത്തിലല്ലാതെ വാത്സല്യാതിരേകത്താൽ ഒരു കുട്ടിയെ എന്റെ മകൻ എന്ന് വിളിക്കുന്നതും സ്നേഹാദരവുകളാൽ ഒരാളെ പിതാവ് എന്നു വിളിക്കുന്നതും നിഷിദ്ധമാകുന്നില്ല. അത് അനഭിലഷണീയം (كراهة) ആണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

2. അബദ്ധവശാലോ തെറ്റിദ്ധാരണ മൂലമോ ഒരാളുടെ പിതൃത്വം യഥാർഥ പിതാവല്ലാത്ത മറ്റൊരാളിലേക്ക് ചേർത്തു പറയുന്നവൻ കുറ്റവാളിയാകുന്നില്ല. അതുപോലെ, ഒരാളുടെ ദത്തുപിതാവ് യഥാർഥ പിതാവല്ലെന്ന് പൊതുവിൽ അറിയപ്പെട്ടിട്ടുണ്ടെങ്കിൽ അയാളെ ദത്തുപിതാവിന്റെ പുത്രൻ എന്നും പുത്രൻ അയാളെ പിതാവെന്നും വിളിക്കുന്നതിലും തെറ്റില്ല. അതിൽ യഥാർഥ വംശബന്ധം നിഷേധിക്കലും വ്യാജമായ വംശബന്ധം സ്ഥാപിക്കലും ഇല്ല. മിഖ്ദാദുബ്നു അംറ് എന്ന പ്രവാചകശിഷ്യൻ മിഖ്ദാദുബ്നു അസ്‌വദ് (അസ്‌വദിന്റെ മകൻ മിഖ്ദാദ്) എന്നാണറിയപ്പെട്ടിരുന്നത്. ജാഹിലിയ്യാ കാലത്ത് അസ്‌വദുബ്നു അബ്ദിയഗൂസ് എന്നയാൾ ദത്തെടുത്തതായിരുന്നു അദ്ദേഹത്തെ. ഈ സൂക്തം അവതരിച്ച ശേഷം അദ്ദേഹം ഞാൻ മിഖ്ദാദുബ്നു അംറ് ആണെന്ന് പ്രഖ്യാപിച്ചുവെങ്കിലും ആളുകൾ മിഖ്ദാദുബ്നു അസ്‌വദ് എന്നു തന്നെ അദ്ദേഹത്തെ വിളിച്ചുപോന്നു. അതൊരു കുറ്റകൃത്യമായോ ധിക്കാരമായോ ആരും വിധിച്ചില്ല. അതുപോലെ സാലിമുബ്നു അബൂഹുദൈഫയെ ആളുകൾ സാലിം ബിൻ അബീഹുദൈഫ എന്നും വിളിച്ചിരുന്നതും ആക്ഷേപിക്കപ്പെട്ടിട്ടില്ല.

3. ഒരാളെ തന്റെ പുത്രനായിരിക്കാനുള്ള സാധ്യതയെ മുൻനിർത്തി ഔരസ പുത്രനും അനന്തരാവകാശിയുമായി സ്വീകരിക്കുന്നത് നിഷിദ്ധമായ ദത്തെടുക്കലിൽ പെടുന്നില്ല. തന്റേതല്ലെന്ന് ഉറപ്പുള്ള ഒരാളെ തന്റെ രക്തത്തിൽ പിറന്നവനും അനന്തരാവകാശിയുമായി വരിക്കലാണ് നിഷിദ്ധമായ ദത്ത്- تبنّي. തന്റേതായിരിക്കാനുള്ള സാധ്യത പരിഗണിച്ച് ഒരാളെ പുത്രനായി സ്വീകരിക്കുന്നത് ദത്തെടുക്കൽ അല്ല; കുടുംബത്തിൽ ചേർക്കൽ- استلحاق ആകുന്നു. ഒരാൾ ഒരു കുഞ്ഞിനെ അല്ലെങ്കിൽ യുവാവിനെ കാണുന്നു. അത് വർഷങ്ങൾക്കു മുമ്പ് തനിക്ക് നഷ്ടപ്പെട്ട, അല്ലെങ്കിൽ പണ്ട് താൻ നടത്തിയ രഹസ്യ വിവാഹത്തിൽ പിറന്നവനാണെന്ന് ലക്ഷണങ്ങൾ കൊണ്ട് അയാൾ ഗണിക്കുന്നു. എങ്കിൽ അയാളെ സ്വപുത്രനായി കുടുംബത്തിൽ ചേർക്കാം. ഇതാണ്

استلحاق. ചേർക്കപ്പെട്ടവന് അംഗീകൃത മാതാപിതാക്കൾ വേറെയുണ്ടെങ്കിൽ استلحاق അസാധുവാകും. അവിഹിത ബന്ധത്തിലുണ്ടായ സന്തതിയെ استلحاق ചെയ്യുന്നത് അനുവദനീയമല്ലെന്നാണ് കർമശാസ്ത്രകാരന്മാരുടെ നിലപാട്. ഇതിനു പ്രബലമായ പ്രമാണങ്ങൾ ഉന്നയിക്കപ്പെട്ടു കാണുന്നില്ല. മാതാവും പിതാവും അംഗീകരിക്കുകയും ലക്ഷണങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ അവിഹിത സന്തതികളുടെ استلحاق സാധൂകരിക്കുകയാണ് ന്യായം. ആധുനികകാലത്ത് ഡി.എൻ.എ ടെസ്റ്റ് പിതൃത്വം തെളിയിക്കാനുള്ള ആധികാരിക മാർഗമാണ്. സ്ത്രീയും പുരുഷനും സമ്മതിക്കുകയും ആധികാരികമായ പരീക്ഷണത്തിലൂടെ പിതൃത്വം സ്ഥിരപ്പെടുകയും ചെയ്താലും ശർഇയായ വിവാഹബന്ധത്തിലൂടെ പിറന്നതല്ലാത്തതിനാൽ കുട്ടിയുടെ പിതൃത്വം അംഗീകരിക്കാൻ പാടില്ലെന്ന് പറയുന്നതിനെക്കുറിച്ച് ذلكم قولكم بأفواهكم എന്നേ പറയാനാകൂ. അവിഹിത വേഴ്ച സ്ത്രീയുടെയും പുരുഷന്റെയും കുറ്റമാണ്. അതിൽ പിറന്ന കുട്ടി എന്തു പിഴച്ചു?

നേരത്തേ ഒരാളുടെ ഭാര്യയായിരുന്ന സ്ത്രീ വിവാഹമുക്തയായി അധികം താമസിയാതെ മറ്റൊരാളുടെ ഭാര്യയാവുകയും ആറു മാസമായപ്പോൾ പ്രസവിക്കുകയും ചെയ്താൽ ആ കുഞ്ഞ് ആദ്യ ഭർത്താവിന്റേതായിരിക്കാൻ സാധ്യതയുണ്ടെങ്കിലും രണ്ടാം ഭർത്താവിന്റേതായിട്ടാണ് പരിഗണിക്കപ്പെടേണ്ടത്. ആറു മാസം ഏറ്റം ചുരുങ്ങിയ ഗർഭകാലമാണ്. ഭാര്യ പ്രസവിക്കുന്ന കുഞ്ഞ് ശയ്യയുടെ ഉടമക്ക്- ഭർത്താവിന് الولد للفراش- എന്ന് പ്രമാണവുമുണ്ട്. ●

---

ٱلنَّبِيُّ أَوۡلَىٰ بِٱلۡمُؤۡمِنِينَ مِنۡ أَنفُسِهِمۡۖ وَأَزۡوَٰجُهُۥٓ أُمَّهَٰتُهُمۡۗ وَأُوْلُواْ ٱلۡأَرۡحَامِ بَعۡضُهُمۡ أَوۡلَىٰ بِبَعۡضٖ فِي كِتَٰبِ ٱللَّهِ مِنَ ٱلۡمُؤۡمِنِينَ وَٱلۡمُهَٰجِرِينَ إِلَّآ أَن تَفۡعَلُوٓاْ إِلَىٰٓ أَوۡلِيَآئِكُم مَّعۡرُوفٗاۚ كَانَ ذَٰلِكَ فِي ٱلۡكِتَٰبِ مَسۡطُورٗا ٦

6. പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വന്തം ജീവനേക്കാൾ ഉറ്റമിത്രമാകുന്നു. പ്രവാചകപത്നിമാരോ, അവരുടെ മാതാക്കളുമാകുന്നു. എന്നാൽ അല്ലാഹുവിന്റെ പുസ്തകത്തിൽ, കുടുംബ ബന്ധുക്കൾ തമ്മിലുള്ള മൈത്രിയും അവകാശവും ബന്ധുക്കളല്ലാത്ത വിശ്വാസികളും മുഹാജിറുകളും തമ്മിലുള്ളതിനേക്കാൾ മുൻഗണനയർഹിക്കുന്നതത്രെ. എന്നാൽ അത്തരം മിത്രങ്ങൾക്ക് നിങ്ങൾ വല്ല നന്മയും ചെയ്തുകൊടുക്കാനാഗ്രഹിച്ചാൽ അതു ചെയ്തുകൊള്ളുക. ഈ വിധി വേദപ്രമാണത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു.

**6**

ٱلنَّبِيُّ أَوۡلَىٰ بِٱلۡمُؤۡمِنِينَ = പ്രവാചകൻ സത്യവിശ്വാസികൾക്ക് ഏറ്റം ഉറ്റമിത്രമാകുന്നു

مِنۡ أَنفُسِهِمۡ = സ്വന്തം ജീവനേക്കാൾ, ശരീരത്തേക്കാൾ, ആത്മാവിനേക്കാൾ

وَأَزۡوَٰجُهُۥٓ = അദ്ദേഹത്തിന്റെ (പ്രവാചക) പത്നിമാർ(രോ) أُمَّهَٰتُهُمۡ = അവരുടെ മാതാക്കളുമാകുന്നു

وَأُوْلُواْ ٱلۡأَرۡحَامِ = (എന്നാൽ) കുടുംബ ബന്ധുക്കൾ

بَعۡضُهُمۡ أَوۡلَىٰ بِبَعۡضٖ = അവരിൽ ചിലർ മുൻഗണനാർഹരാകുന്നു (അവർ തമ്മിലുള്ള മൈത്രിയും അവകാശവും മുൻഗണനയർഹിക്കുന്നതത്രെ)

فِي كِتَٰبِ ٱللَّهِ = അല്ലാഹുവിന്റെ പുസ്തകത്തിൽ

مِنَ ٱلۡمُؤۡمِنِينَ وَٱلۡمُهَٰجِرِينَ = (ബന്ധുക്കളല്ലാത്ത) വിശ്വാസികളും മുഹാജിറുകളും തമ്മിലുള്ളതിനേക്കാൾ

إِلَّآ أَن تَفۡعَلُوٓاْ إِلَىٰٓ أَوۡلِيَآئِكُم = നിങ്ങൾ നിങ്ങളുടെ മിത്രങ്ങൾക്ക് ചെയ്യൽ (ചെയ്തുകൊടുക്കാനാഗ്രഹിച്ചാൽ അതു ചെയ്തുകൊള്ളുക)

مَّعۡرُوفٗا = വല്ല നന്മയും

كَانَ ذَٰلِكَ فِي ٱلۡكِتَٰبِ مَسۡطُورٗا = അത് (ഈ വിധി) വേദ(പ്രമാണ)ത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ആകുന്നു

കേവലം കപോലകൽപിതമായ ബന്ധങ്ങളുടെ അർഥശൂന്യത വ്യക്തമാക്കിയ ശേഷം സത്യവിശ്വാസികൾ പാലിക്കേണ്ട പരസ്പര ബന്ധവും അതിന്റെ മുൻഗണനാക്രമവും വിശദീകരിക്കുകയാണ്. സത്യവിശ്വാസിയുടെ ഏറ്റം ഉറ്റമിത്രം പ്രവാചകനാകുന്നു. സ്വന്തം ജീവനേക്കാൾ അവർക്ക് വലുത് അദ്ദേഹമായിരിക്കണം. أَوۡلَىٰ-യെയാണ് ഉറ്റമിത്രം എന്ന് തർജമ ചെയ്തിട്ടുള്ളത്. സ്നേഹത്തിന്റെയും രക്ഷാകർതൃത്വത്തിന്റെയും രക്ഷിതത്വത്തിന്റെയും ആശയങ്ങൾ ഉൾക്കൊള്ളുന്ന ولاء-ൽനിന്നുള്ള കർതൃപദമായ وَلِيّ-ന്റെ അത്യുത്തമ വാചി (افعل التفضيل) ആണ് أَوۡلَىٰ. ഏറ്റം മുൻഗണയർഹിക്കുന്നത് എന്ന അർഥത്തിലും أَوۡلَىٰ ഉപയോഗിക്കും. പ്രബലമായ ഒരു ഹദീസിൽ ഇങ്ങനെ കാണാം: ഒരിക്കൽ ഉമർ (റ) നബിയോട് പറഞ്ഞു: 'തിരുദൂതരേ, അല്ലാഹുവാണ, എന്റെ നഫ്സ് ഒഴിച്ച് മറ്റെല്ലാറ്റിനേക്കാളും

എനിക്കേറ്റം പ്രിയപ്പെട്ടവൻ അങ്ങാകുന്നു.' തിരുമേനി പ്രതിവചിച്ചു: 'പോരാ ഉമർ, നിങ്ങളുടെ നഫ്സിനേക്കാൾ ഞാനായിരിക്കുവോളം.' ഉമർ പറഞ്ഞു: 'അല്ലാഹുവാണ, സ്വന്തം നഫ്സ് ഉൾപ്പെടെ എല്ലാറ്റിലുമപരി എനിക്ക് പ്രിയപ്പെട്ടവൻ അങ്ങുതന്നെയാകുന്നു.' പ്രവാചകൻ: 'ഉമറേ, ഇപ്പോഴാണ് മതിയായ ഈമാനായത്.'

ഭരണം وِلَايَة-ഉം രക്ഷാധികാരം وَلَايَة-ഉം ആകുന്നു. അല്ലാഹുവിന്റെ വലിയ്യുകൾ (اولياء الله) അല്ലാഹു രക്ഷയും മാർഗദർശനവുമരുളിയ സജ്ജനങ്ങളാണ്. ഈ അർഥത്തിൽ തന്നെയാണ് അല്ലാഹു വിശ്വാസികളുടെ വലിയ്യ് (اللّٰهُ وَلِي الَّذِينَ آمَنُوا) ആകുന്നതും. സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം അവരുടെ ഏറ്റവും അടുത്ത മിത്രവും രക്ഷിതാവും കൈകാര്യാധികാരിയും ആണ്, ആയിരിക്കണം പ്രവാചകൻ എന്നാണ് ٱلنَّبِيُّ أَوْلَىٰ بِٱلْمُؤْمِنِينَ-യുടെ താൽപര്യം. എത്രത്തോളമെന്നാൽ സ്വന്തം ജീവനേക്കാൾ പ്രധാനം അദ്ദേഹമായിരിക്കണം. مِنْ أَنفُسِهِمْ-ന് 'അവരുടെ ജീവനേക്കാൾ' എന്നും 'ആത്മാവിനേക്കാൾ' എന്നു 'ദേഹത്തേക്കാൾ' എന്നും അർഥമാവാം. ഈ അർഥങ്ങളെല്ലാം ഇവിടെ സാധുവാകുന്നു. വിശ്വാസികൾ ജീവൻ ബലികഴിച്ചും പ്രവാചകനോടുള്ള വിശ്വാസവും കൂറും നിലനിർത്താൻ തയാറാകണം. ജഡികേഛകളേക്കാൾ പ്രവാചകന്റെ ഉപദേശനിർദേശങ്ങൾക്ക് മുൻഗണന നൽകണം. എന്തുകൊണ്ടെന്നാൽ അവരുടെ യഥാർഥ ജീവനും ഇഹപര രക്ഷയും അദ്ദേഹത്തെ വിശ്വസിക്കുന്നതിലും അനുസരിക്കുന്നതിലും അധിഷ്ഠിതമാകുന്നു. ദേഹേഛകൾ പലപ്പോഴും മനുഷ്യരെ മൃത്യുസമാനമായ ജാഹിലിയ്യത്തിലേക്കും മരണാനന്തരം ശാശ്വതമായ നരകത്തിലേക്കുമാണ് നയിക്കുക. മാതാപിതാക്കളും മക്കളും മറ്റാളുകളുമെല്ലാം ചിലപ്പോൾ ധർമപാതയിൽനിന്ന് വ്യതിചലിപ്പിക്കുന്നവരായിരിക്കും. وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ (അറിഞ്ഞിരിക്കുവിൻ, നിങ്ങളുടെ മുതലും മക്കളും നിങ്ങൾക്ക് പരീക്ഷണം തന്നെയാകുന്നു- 8:28), إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَّكُمْ فَاحْذَرُوهُمْ (നിങ്ങളുടെ ഇണക(ഭാര്യാഭർത്താക്ക)ളിൽ മക്കളിലും ചിലർ നിങ്ങളുടെ ശത്രുക്കളായിരിക്കും. അവരെ സൂക്ഷിക്കുവിൻ). സാർഥകമായ ജീവിതത്തിലേക്കും രക്ഷയിലേക്കും നയിക്കുന്നത് പ്രവാചകൻ -അദ്ദേഹത്തിന്റെ സന്ദേശം മാത്രമാകുന്നു. يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ (അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിനും ദൈവദൂതന്നും ഉത്തരം നൽകുവിൻ; ദൈവദൂതൻ നിങ്ങളെ ജീവദായകമായതിലേക്ക് വിളിക്കുമ്പോൾ- 8:24). നബി (സ) പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു:

لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَلَدِهِ وَوَالِدِهِ وَالنَّاسِ أَجْمَعِينَ

(നിങ്ങളിലാരും തന്റെ പിതാവിനേക്കാളും പുത്രനേക്കാളും മറ്റെല്ലാ മനുഷ്യരെക്കാളും അവന് പ്രിയപ്പെട്ടവൻ ഞാനായിത്തീരുന്നതുവരെ യഥാർഥ സത്യവിശ്വാസിയാകുന്നില്ല).

മുഹമ്മദ് നബി (സ) ഈ ലോകത്തോട് വിടപറഞ്ഞിട്ട് ഒന്നര സഹസ്രാബ്ദമായി. ഇന്നത്തെ വിശ്വാസികൾ അവരുടെ മാതാപിതാക്കളേക്കാളും മക്കളേക്കാളും ആ പ്രവാചകനെ സ്നേഹിക്കുന്നതിന്റെ യാഥാർഥ്യമെന്താണ്? പ്രവാചകന്റെ വിയോഗാനന്തരം ജനിച്ച വിശ്വാസികൾ പ്രവാചകസ്നേഹം യാഥാർഥ്യമാക്കേണ്ടതെങ്ങനെയാണ്? പ്രവാചകസ്നേഹത്തി(حبّ الرّسول)ന്റെ യാഥാർഥ്യം സത്യവിശ്വാസമാണ്. ഭൗതികവും ആത്മീയവുമായ ജീവിതങ്ങൾ സഫലമാകുന്നതിന് അനിവാര്യമായി ആചരിക്കേണ്ട സത്യധർമങ്ങൾ പറഞ്ഞുതരികയും പ്രവർത്തിച്ചു കാണിച്ചുതരികയും ചെയ്ത ദൈവദൂതനാണ് അദ്ദേഹമെന്ന ദൃഢവിശ്വാസം. ആ വിശ്വാസത്തിൽനിന്നുത്ഭൂതമാകുന്ന ആദരവും കൂറും നന്ദിയുമാണ് പ്രവാചകസ്നേഹം. പ്രവാചകൻ പറഞ്ഞും പ്രവർത്തിച്ചും പഠിപ്പിച്ച സത്യധർമങ്ങൾ ആചരിച്ചു ജീവിക്കുന്നതിലൂടെയാണ് പ്രവാചകസ്നേഹം യാഥാർഥ്യമാകുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രവാചകസ്നേഹം- حبّ الرّسول- എന്നാൽ പ്രവാചകാനുധാവനം- اتباع الرّسول- ആകുന്നു. ഇക്കാര്യം അസന്ദിഗ്ധമായി വെളിപ്പെടുത്തിക്കൊണ്ട് പ്രവാചകൻ പ്രസ്താവിച്ചു:

(لا يؤمن أحدكم حتى يكون هواه تبعا لما جئت به)ഒരുവന്റെ ഇഛ തന്നെ ഞാൻ കൊണ്ടുവന്നിട്ടുള്ളതിനെ പിന്തുടരുന്നതാകുന്നതുവരെ നിങ്ങളിലാരും സത്യവിശ്വാസിയാകുന്നില്ല).

ആത്യന്തികമായി സ്നേഹിക്കേണ്ടത് അല്ലാഹുവിനെയാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ താൽപര്യമാണ് പ്രവാചകസ്നേഹം. മനുഷ്യന് ഏറെ ആവശ്യമുള്ളതും അല്ലാഹുവിന്റെ സ്നേഹമാണ്. രണ്ടു സ്നേഹവും സാർഥകമാകുന്നത് അല്ലാഹുവിനെ സ്നേഹിക്കുകയും ആ സ്നേഹത്തിന്റെ താൽപര്യമായി പ്രവാചകനെ പിന്തുടരുകയും ചെയ്യുമ്പോഴാണ്. അതാണ് ജനങ്ങളെ അറിയിക്കാൻ അല്ലാഹു പ്രവാചകനോട് ആവശ്യപ്പെട്ടത്: قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ (പ്രവാചകൻ ജനത്തോട് പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുവിൻ. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും-3:31). വെറുമൊരു സ്നേഹമൂർത്തിയോ ആരാധനാമൂർത്തിയോ ആയിരിക്കുക എന്നതല്ല പ്രവാചകനിയോഗം. ദൈവഹിതങ്ങൾ മനുഷ്യരെ അറിയിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുകയാണ് അദ്ദേഹത്തിന്റെ ദൗത്യം. وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ (അല്ലാഹു കൽപിച്ച പ്രകാരം അനുസരിക്കപ്പെടാനല്ലാതെ നാം ഒരു ദൈവദൂതനെയും നിയോഗിച്ചിട്ടില്ല-4:64). ഈ ലോകത്തു വന്ന ഒരു പ്രവാചകനും ജനങ്ങളോട് 'എന്നെ സ്നേഹിക്കുവിൻ' എന്ന് പ്രബോധനം ചെയ്തിട്ടില്ല. അവർ പ്രബോധനം ചെയ്തത് اتّقوا لله وأطيعون(അല്ലാഹുവിന് ഭയഭക്തിയുള്ളവരാകുവിൻ, എന്നെ അനുസരിക്കുവിൻ) എന്നാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെയും ഭക്തിയുടെയും പ്രാവർത്തിക രൂപമാണ് പ്രവാചകനെ അനുസരിക്കൽ. مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (ദൈവദൂതനെ അനുസരിച്ചവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു- 4:80).

അല്ലാഹു കൽപിച്ച പ്രകാരം പ്രവാചകചര്യ അനുസരിക്കുകയും അനുകരിക്കുകയുമല്ലാത്ത ഒരു പ്രവാചകസ്നേഹം ഖുർആനോ സുന്നത്തോ അനുശാസിച്ചിട്ടില്ല. പ്രവാചകന്റെ ജനന-മരണ ദിനാഘോഷങ്ങൾ പ്രവാചകചര്യക്കന്യമാണ്. തന്റെ പേരിൽ അതിശയോക്തിപരമായ അമാനുഷ സിദ്ധികളാരോപിച്ച് പ്രകീർത്തനങ്ങൾ പാടിപ്പുകഴ്ത്താനും തിരുമേനി ആവശ്യപ്പെട്ടിട്ടില്ല. തന്നെ സ്മാരകമായി സൂക്ഷിക്കാനും പൂജിക്കാനുമായി തിരുമേനി സ്വന്തം ഭൗതികാവശിഷ്ടങ്ങൾ ആരെയും ഏൽപിച്ചിട്ടുമില്ല. പ്രവാചകൻ പഠിപ്പിച്ച ജീവിതപാഠങ്ങൾ പാടേ വിസ്മരിച്ച്, അദ്ദേഹത്തിന്റെ പേരിൽ

ഇല്ലാത്ത അമാനുഷ സിദ്ധികൾ പാടിപ്പുകഴ്ത്തിയും ജനന -മരണ ദിനങ്ങൾ കെങ്കേമമായി ആഘോഷിച്ചുമൊക്കെയാണ് ഇന്ന് ചിലയാളുകൾ പ്രവാചകസ്നേഹം പ്രകടിപ്പിക്കുന്നത്. പ്രവാചകന്റേതെന്ന പേരിൽ മുടിയും മറ്റു പ്രതിഷ്ഠിച്ച് പൂജിക്കുകയും ചെയ്യുന്നു. പ്രവാചക(സ)ന്റെ അധ്യാപനങ്ങൾക്കെതിരായ ആചാരാനുഷ്ഠാനങ്ങൾ പ്രവാചകന്റെ പേരിൽ നടപ്പിലാക്കുന്നത് യഥാർഥത്തിൽ പ്രവാചകസ്നേഹമല്ല; പ്രവാചകനിന്ദ മാത്രമാകുന്നു. പ്രവാചകചര്യക്കെതിരായി ആവിഷ്കരിക്കപ്പെടുന്ന ആചാരങ്ങളെല്ലാം പ്രവാചകസരണിയിൽനിന്നുള്ള വ്യക്തമായ വ്യതിചലനവുമാകുന്നു- كل بدعة ضلالة.

പ്രവാചകൻ സത്യവിശ്വാസികൾക്ക് മാതാപിതാക്കളേക്കാളും തങ്ങളേക്കാൾ തന്നെയും ഉറ്റമിത്രമായിരിക്കുന്നതിന്റെ അനുബന്ധമാണ് പ്രവാചകപത്നിമാരെ സ്വന്തം മാതാക്കളെപ്പോലെ ആദരിക്കുക എന്നത്. സ്നേഹത്തിലും കൂറിലും ബഹുമാനത്തിലും വിശ്വാസത്തിലും പ്രവാചകപത്നിമാരെ മാതൃസമാനകളായി കരുതണം. അവരെ അനാദരിക്കുകയോ അവരുടെ സ്വഭാവശുദ്ധി ചോദ്യം ചെയ്യുകയോ അവരെ നിന്ദിക്കുകയോ അപവദിക്കുകയോ ചെയ്യാൻ പാടില്ല. അവരെ ആരും മോഹിക്കുകയുമരുത്. പ്രവാചകന്റെ കാലശേഷം മറ്റു വിശ്വാസികൾ അവരെ വിവാഹം ചെയ്യുന്നത് നിഷിദ്ധമാകുന്നു. ഒരു സൽപുത്രൻ മാതാവിനോട് പെരുമാറുന്നതുപോലെ വളരെ വിനയത്തോടെയും നിഷ്കളങ്കതയോടെയും വേണം അവരോട് പെരുമാറാൻ. എന്നാൽ അവരെ സമീപിക്കുന്നത് സ്വന്തം മാതാവിനെ സമീപിക്കുന്നതുപോലെ മറയില്ലാതെ ആയിരിക്കരുത്. വല്ലതും സംസാരിക്കുന്നുവെങ്കിൽ മറയ്ക്കു പിന്നിൽനിന്നുവേണം സംസാരിക്കാൻ. ഈ ബഹുമാനാദരങ്ങൾക്കപ്പുറം പ്രവാചകപത്നിമാർക്ക് വിശ്വാസികളിലുള്ള മാതൃത്വത്തിന് കുടുംബപരമായ മാതൃ-പുത്ര ബന്ധത്തിന്റെ മാനങ്ങളൊന്നുമില്ല. വിശ്വാസികളിൽനിന്ന് അവർക്കോ അവരിൽനിന്ന് വിശ്വാസികൾക്കോ അനന്തരാവകാശമില്ല. പ്രവാചകപത്നിമാരുടെ മക്കൾ മറ്റു വിശ്വാസികളുടെ ശർഇയായ സഹോദരനോ സഹോദരിയോ ആകുന്നുമില്ല. പ്രവാചകപത്നിമാർ വിശ്വാസികളുടെ മാതാക്കളായിരിക്കുന്നതിന്റെ മറുവശമാണ് പ്രവാചകൻ അവരുടെ പിതാവായിരിക്കുക. ഓരോ പ്രവാചകനും അദ്ദേഹത്തിന്റെ സമുദായത്തിന്റെ പിതാവാണെന്ന് മുജാഹിദ് പ്രസ്താവിച്ചിരിക്കുന്നു. ഈ പിതൃത്വം രാഷ്ട്രം അതിന്റെ മുഖ്യനായകന് കൽപിക്കുന്ന പിതൃത്വം (രാഷ്ട്രപിതാവ്) പോലെയാണ്.

കുടുംബപരമായ ബന്ധമുള്ളവരാണ് أُولُو الْأَرْحَامِ. കുടുംബ ബന്ധുക്കളെല്ലാവരും ഒരേ തട്ടിലുള്ളവരല്ല. സ്വന്തം പുത്രനോടുള്ള ബന്ധത്തിന്റെ ദൃഢത സഹോദരപുത്രനോടും സഹോദരീപുത്രനോടും ഉണ്ടാവണമെന്നില്ല. സ്വന്തം പിതാവിനോടുള്ളത്ര കൂറും സ്നേഹവും പിതൃവ്യനോട് ഉണ്ടാവണമെന്നില്ല. ബന്ധത്തിലുള്ള ഇഴയടുപ്പവും അകല